പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി

(2023-26)

ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

[ചരക്ക്സേവന നികുതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

[2025 ഒക്ടോബർ മാസം 7-ാം തീയതി സഭയിൽ സമർപ്പിച്ചത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി
(2023-26)

ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

[ചരക്ക്സേവന നികുതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26)

ഘടന

ചെയർപേഴ്സൺ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ

അംഗങ്ങൾ

ശ്രീ. ആന്റണി രാജു

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി.പി. ചിത്തരഞ്ജൻ

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം.എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

നിയമസഭാ സെക്രട്ടേറിയറ്റ്

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. സന്തോഷ്കുമാർ ആർ.എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26) -യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ചരക്ക്സേവന നികുതി വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച പഠനം നടത്തുന്നതിനായി സമിതി തീരുമാനിക്കുകയും ആയതിലേക്കായി നികുതി വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. നികുതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ആയതിന്മേൽ ചോദ്യാവലി തയ്യാറാക്കുകയും സമിതിയുടെ 31.05.2024-ലെ യോഗത്തിൽ, നികുതി വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സമിതി നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2025 സെപ്റ്റംബർ 30-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ.കെ. ശൈലജ ടീച്ചർ,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2025 ഒക്ടോബർ 7

റിപ്പോർട്ട്

സെൻട്രൽ സെയിൽസ് ടാക്സ് ആക്റ്റ്, 1956, കേരള സർചാർജ്ജ് ഓൺ ടാക്സസ് ആക്റ്റ്, 1957, കേരള മണിലെൻഡേഴ്സ് ആക്റ്റ്, 1958, കേരള ജനറൽ സെയിൽസ് ടാക്സ് ആക്റ്റ്, 1963, കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ആക്റ്റ്, 1976, കേരള അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആക്റ്റ്, 1991, കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് ആക്റ്റ്, 1994, കേരള വാല്യൂ ആഡഡ് ടാക്സ് ആക്റ്റ്, 2003 എന്നീ ആക്റ്റുകളുടെ ഭരണനിർവ്വഹണം നടത്തുന്ന വകുപ്പായിരുന്നു **കേരള വാണിജ്യ നികുതി വകുപ്പ്**. 01.04.2005 മുതൽ 'വാറ്റ്' (Value Added Tax - VAT) രീതിയിലുള്ള നികുതി സമ്പ്രദായത്തിലേക്ക് പ്രസ്തുത വകുപ്പ് മാറിയിരുന്നു.

2. 2017-ൽ രാജ്യത്ത് വിവിധ നികുതി നിയമങ്ങളെ സംയോജിപ്പിച്ച് ഏകീകൃത നികുതി സമ്പ്രദായം (ചരക്ക് സേവന നികുതി നിയമം) നടപ്പാക്കിയതിന്റെ ഭാഗമായി, 01.07.2017 മുതൽ കേരളത്തിലും പ്രസ്തുത നിയമം [സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017 (2017-ലെ 20-ാം ആക്റ്റ്)] പ്രാബല്യത്തിൽ വന്നു. നികുതി സമാഹരണ നിയമങ്ങൾ പാലിക്കുന്നതിൽ പൗരബോധം ഉയർത്തി സുതാര്യവും ലളിതവുമായ നടപടിക്രമങ്ങളിലൂടെ നികുതി നിർവഹണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുക എന്ന ലക്ഷ്യമായിരുന്നു ഈ ഘട്ടത്തിൽ വകുപ്പിന് മുൻകൈയെടുത്ത് നടപ്പിലാക്കാൻ ഉണ്ടായിരുന്ന പ്രധാന പ്രവർത്തനം. തുടർന്ന്, സർക്കാർ ഉത്തരവ് (എംഎസ്.) നം.55/2022/ടാക്സസ്. തീയതി 02.08.2022 പ്രകാരം, കേരള വാണിജ്യ നികുതി വകുപ്പിനെ **സംസ്ഥാന ചരക്ക് സേവന നികുതി (GST) വകുപ്പായി** പുനർനാമകരണം ചെയ്യുകയും സർക്കാർ ഉത്തരവ് (എംഎസ്.) നം.106/2022/ടാക്സസ്. തീയതി 29.12.2022 പ്രകാരം, വകുപ്പിന്റെ പുന:സംഘടന നടപ്പിൽ വരുകയും ചെയ്തു. ജി.എസ്.ടി. നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി സമഗ്രമായി ഒരു വകുപ്പ് പുന:സംഘടിപ്പിക്കുക എന്ന ഉദ്യമം, ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയത് കേരളമാണ്.

3. കേരള പൊതു വിൽപ്പന നികുതി നിയമം 1963, കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 എന്നിവ പ്രകാരമുള്ള രജിസ്ട്രേഷൻ, കേരള മണിലെൻഡേഴ്സ് ആക്റ്റ്, 1958 പ്രകാരമുള്ള ലൈസൻസ്, കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 പ്രകാരമുള്ള രജിസ്ട്രേഷൻ റീഫണ്ട് തുടങ്ങിയവയാണ് നിലവിൽ വകുപ്പ് നികുതിദായർക്ക് നൽകുന്ന പ്രധാന സേവനങ്ങൾ. കേരള പൊതു വില്പന നികുതി നിയമം 1963, കേന്ദ്ര വില്പന നികുതി നിയമം 1991, കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017 എന്നിവ പ്രകാരമുള്ള നികുതി നിർണയങ്ങളും കുടിശ്ശിക പിരിച്ചെടുക്കലും വകുപ്പിന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

ചരക്ക് സേവനവുമായി ബന്ധപ്പെട്ട പ്രധാന വ്യവസ്ഥകൾ

4. ചരക്ക് സേവനം നികുതി സംവിധാനത്തിൽ രാജ്യമൊട്ടാകെ ഒറ്റ നികുതിയാണ് വ്യവസ്ഥ ചെയ്യുന്നത്. ഇത് പൂർണമായും ഓൺലൈൻ സംവിധാനത്തിലാണ്. നികുതി സംവിധാനങ്ങളിൽ നിന്നും വ്യത്യസ്തമായി ജി.എസ്.ടി. ഡെസ്റ്റിനേഷൻ അടിസ്ഥാനമാക്കിയുള്ള നികുതി സമ്പ്രദായമാണ് നിലവിലുള്ളത്. ആയതിനാൽ സാധനങ്ങളും സേവനങ്ങളും സ്വീകരിക്കുന്ന സംസ്ഥാനങ്ങൾക്കാണ് നികുതി ലഭ്യമാകുന്നത്.

5. ജി.എസ്.ടി. നിയമങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിനും ചരക്കുകളുടെയും സേവനകളുടെയും നികുതി നിരക്കുകൾ തീരുമാനിക്കുന്നതിനും സംസ്ഥാനങ്ങൾക്ക് മാത്രമായി കഴിയുകയില്ല. കേന്ദ്രസർക്കാരിന്റെയും എല്ലാ സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങളിലെയും പ്രതിനിധികൾ ഉൾപ്പെടുന്ന ജി .എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരമാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. മുൻ നിയമങ്ങളിൽ നിന്നും വ്യത്യസ്തമായി വ്യാപാരികൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ലഭിക്കുന്നു. എന്നാൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നതിന് നിബന്ധനകൾ ബാധകമാണ്. റീഫണ്ട് നടപടികൾ ലഘൂകരിക്കപ്പെട്ടിട്ടുണ്ട്.

6. രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, അഡ്ജ്യൂഡിക്കേഷൻ, റീഫണ്ട് എന്നിവയുമായി ബന്ധപ്പെട്ട കൃത്യമായ സമയപരിധികൾ ജി.എസ്.ടി. നിയമത്തിൽ തന്നെ പ്രതിപാദിക്കുന്നുണ്ട്. ചരക്കുകൾ കൈമാറ്റം ചെയ്യുമ്പോഴും ട്രാൻസ്പോർട്ട് ചെയ്യുമ്പോഴും ആവശ്യമായ രേഖകൾ നിയമങ്ങളിലും ചട്ടങ്ങളിലും പ്രതിപാദിക്കുന്നുണ്ട്. നിയമപ്രകാരം അല്ലാതെയുള്ള സാധനസേവന

കൈമാറ്റങ്ങൾക്കും നിയമത്തിൽ പറഞ്ഞിരിക്കുന്നത് പ്രകാരമല്ലാതെയുള്ള പ്രവർത്തനങ്ങൾക്കുമുള്ള ശിക്ഷാനടപടികളും നിയമത്തിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

7. ജി.എസ്.ടി. നടപ്പാക്കിയത് മുതൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. വരുമാനത്തിന്റെ വിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**ജി.എസ്.ടി.*** (തുക - കോടിയിൽ)
2017-18	12007.69
2018-19	21014.71
2019-20	20446.95
2020-21	20028.31
2021-22	24169.81
2022-23	29513.28
2023-24	30944.48

* SGST, IGST settlement, Flood cess മുതലായവ ഉൾപ്പടെ.

8. 2017 മുതൽ 2024 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ GST, Non-GST (KGST, VAT, AIT, Luxury Tax) ഇനങ്ങളിൽ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ചിരുന്ന തുക, പിരിച്ചെടുത്ത ആകെ വരുമാനം സംബന്ധിച്ച വിശദവിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

Financial Year	**GST**			**Non-GST**		
	Budget Estimate / Revised Budget Estimate	Revenue Receipts *	% of Budget Estimate / Revised Budget Estimate	Budget Estimate / Revised Budget Estimate	Revenue Receipts **	% of Budget Estimate / Revised Budget Estimate
2017-18	16200	12007.69	74.12%	22741.5	24580.66	108.09%
2018-19	22821.6	21014.71	92.08%	19086.37	19226.45	100.73%
2019-20	23690	20446.95	86.31%	21149	19650.48	92.91%

2020-21	18999.57	20028.31	105.41%	16998.89	17689.67	104.06%
2021-22	24351.25	24169.81	99.25%	22963.31	22487.93	97.93%
2022-23	30238	29513.28	97.60%	24965.07	26876.17	107.65%
2023-24***	32595.78	30944.48	94.93%	27889.31	27626.61	99.06%

* Finance Accounts പ്രകാരം, SGST, IGST settlement, Flood Cess മുതലായവ ഉൾപ്പടെ.

** KGST, VAT, AIT, Luxury Tax ഉൾപ്പടെ.

*** provisional

9. വിവിധ നികുതി സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകുന്ന ഉയർന്ന നികുതി വരുമാനം സംബന്ധിച്ച വിശദവിവരം ഇനം തിരിച്ച് ചുവടെ ചേർക്കുന്നു. *[Amount in Crores]*

Source	**2017-18**	**2018-19**	**2019-20**	**2020-2021**	**2021-22**	**2022-23**	**2023-24***
GST	12007.7	21014.7	20447	20028.3	24169.8	29513.3	30944.48
Non-GST [KGST, VAT, AIT. LT]	24580.7	19226.5	19650.5	17689.7	22487.9	26876.2	27626.61

* provisional

<u>സമിതിയുടെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും ശിപാർശകളും</u>

10. 2017-ൽ ചരക്ക് സേവന നികുതി നിയമം രാജ്യത്ത് നടപ്പാക്കിയെങ്കിലും ഓരോ വർഷവും ജി.എസ്.ടി. സംബന്ധമായ പുതിയ തീരുമാനങ്ങൾ വരുന്നതനുസരിച്ച് എല്ലാ സംസ്ഥാനങ്ങളും അതിന്റേതായ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ഒരു സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് തീരുമാനമെടുക്കുന്നത് മറ്റ് സംസ്ഥാനങ്ങളുമായി ചർച്ച നടത്തിയതിനു ശേഷമാണെന്നും കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ അത്തരത്തിലുള്ള സംസ്ഥാനങ്ങൾ മാത്രമേ കേരളത്തെ ഇക്കാര്യങ്ങളിൽ പിന്തുണയ്ക്കുകയുള്ളൂവെന്നും സമിതി വിലയിരുത്തുന്നു.

11. ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കാൻ ധാരാളം അവസരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും കേരളം തന്നെയാണ് സമാനമായ ഉപഭോക്തൃ സംസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ കൗൺസിലിൽ ഉന്നയിക്കുന്നതെന്നും ഓൺലൈൻ ഇടപാടുകളിൽ നിന്നുള്ള ജി .എസ്.ടി., സംസ്ഥാനത്തിന് ലഭ്യമാകുന്നില്ലായെന്നതാണ് നിലവിൽ കേരളം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത പ്രതിസന്ധി കാരണം കേരളത്തിന് വൻ തോതിൽ നികുതി നഷ്ടമാകുന്നുണ്ട്. ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ , സംസ്ഥാനം ഇക്കാര്യം ഉന്നയിക്കുകയും തുടർന്ന് നടത്തിയ പരിശോധനയിൽ, കേന്ദ്രസർക്കാരിന് ലഭിക്കേണ്ട ടാക്സ് ലഭിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ലഭിക്കുന്നില്ലെന്ന് മനസ്സിലാക്കുകയും ഓൺലൈനായി പർച്ചേസ് ചെയ്യുന്ന സാധനം ഏത് കമ്പനിയുടേതാണോ ആ കമ്പനി രജിസ്റ്റർ ചെയ്തിരിക്കുന്ന സംസ്ഥാനത്തിനാണ് നികുതി ലഭിക്കുന്നതെന്ന് കണ്ടെത്തുകയുമുണ്ടായി. ഓൺലൈൻ പർച്ചേസ് ചെയ്യുമ്പോൾ 'Place of Supply' നിർബന്ധമല്ലാത്തതിനാൽ, സോഫ്റ്റ്‌വെയറിലെ ഡ്രോപ്പ് ഡൗൺ മെനുവിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തിന്റെ പേര് നൽകുകയും ആ സംസ്ഥാനത്തിന് നികുതി ലഭിക്കുകയും നികുതിയിനത്തിൽ കേരളത്തിന് ലഭിക്കേണ്ട ഭീമമായ തുക ഇപ്രകാരം നഷ്ടമാകുകയും ചെയ്യുന്നു. പ്രസ്തുത സാങ്കേതിക തകരാറ് പരിഹരിക്കുന്നതിന് ഓൺലൈൻ പർച്ചേസ് ചെയ്യുമ്പോൾ ഡാറ്റാബേസിൽ പിൻകോഡ് രേഖപ്പെടുത്താനുള്ള കോളം നിർബന്ധമായും ഉൾപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിൽ കേരളം ആവശ്യപ്പെട്ടിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. **പിൻകോഡ് നൽകിയാൽ അർഹതപ്പെട്ട നികുതിവിഹിതം സോഫ്റ്റ്‌വെയർ വഴി ഓട്ടോമെറ്റിക്കായി സംസ്ഥാനത്തിന് ലഭ്യമാകുമെന്നതിനാലും ഓൺലൈൻ പർച്ചേസ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും ഈ പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

12. സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലായപ്പോൾ ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ ഏറ്റവും കൂടുതൽ നേട്ടം കേരളത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും അതനുസരിച്ചുള്ള പ്രയോജനം സംസ്ഥാനത്തിന് ലഭിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ജി.എസ്.ടി. ആരംഭിച്ചതു മുതൽ കഴിഞ്ഞ വർഷം വരെയും നികുതി വളർച്ചയുടെ ശതമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും പ്രതീക്ഷയ്ക്കൊത്ത് നികുതി വളർച്ചയുണ്ടാകാത്തതിന് വിവിധ കാരണങ്ങളുണ്ട്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ നികുതി ഏർപ്പെടുത്താവുന്ന സാധനങ്ങൾക്ക്

ചുമത്തിയ നികുതി നിരക്കിൽ വ്യത്യാസം വരുത്താനും മുമ്പ് നികുതി ഏർപ്പെടുത്തിയിരുന്ന സാധനങ്ങൾക്ക് നികുതി ഒഴിവാക്കാനും വ്യവസ്ഥ ചെയ്യുകയും തുടർന്ന് , 14.5% വാറ്റ് ഈടാക്കിയിരുന്ന വസ്തുക്കൾക്ക് 12 മുതൽ 18 ശതമാനവും എയർകണ്ടീഷണർ, കാർ, വാച്ച് തുടങ്ങിയ ആഡംബര വസ്തുക്കൾക്ക് 28 ശതമാനവും ജി.എസ്.ടി. നിരക്ക് ഏർപ്പെടുത്തുകയും ചെയ്തു. നികുതി നിരക്കിന്റെ പകുതി സംസ്ഥാനത്തിനും ബാക്കി പകുതി കേന്ദ്ര സർക്കാരിനുമായാണ് ലഭിക്കുമെന്നതിനാൽ ഉൽപന്നങ്ങൾക്കുമേൽ വാറ്റ് ഈടാക്കിയിരുന്ന കാലഘട്ടത്തിൽ 14.5% സംസ്ഥാന നികുതിയും 12.5% കേന്ദ്ര എക്സൈസ് നികുതിയുമായി 27% ശതമാനമായിരുന്ന നികുതി നിരക്ക്, 12%-ലേയ്ക്ക് കുറച്ചപ്പോൾ അതിനാനുപാതികമായ കുറവ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുണ്ടായെന്നും നികുതി നിരക്കിലെ ഈ വ്യത്യാസം സംസ്ഥാനങ്ങളെ സംബന്ധിച്ച് വലിയൊരു ഘടകമായതിനാൽ ഇക്കാരണത്താലാണ് പ്രതീക്ഷിക്കുന്ന നിലയിൽ നികുതി വളർച്ചയുണ്ടാകാത്തതെന്നും സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ, നികുതി നിരക്ക് ശാസ്ത്രീയമായി പരിഷ്കരിക്കണമെന്ന ആവശ്യം പല ഘട്ടങ്ങളിലായി ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന ധനകാര്യ വകുപ്പ് മുന്നോട്ടു വച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു.

13. ജി.എസ്.ടി. സംവിധാനത്തിൽ രാജ്യത്തെവിടെയും ചെക്ക് പോസ്റ്റുകൾക്ക് പകരമായി എല്ലാ ചരക്കുഗതാഗതത്തിനും 'ഇ-വേ ബിൽ ' സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചാൽ ഏത് സ്ഥലത്തുനിന്നാണ് ചരക്കു കൊണ്ടുവന്നതെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണെന്നും എന്നാൽ, ഇ-വേ ബില്ലിൽ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നുവെന്ന് രേഖപ്പെടുത്തുകയും റിട്ടേൺ ഫയൽ ചെയ്യുമ്പോൾ വേറൊരു സംസ്ഥാനത്തേയ്ക്ക് നികുതി നൽകുകയും ചെയ്യുന്ന നടപടി സ്വീകാര്യമല്ലായെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിൽ, **ഇ-വേ ബില്ലിൽ കാണിക്കുന്നതുപോലെ തന്നെ നികുതി അടയ്ക്കുന്ന സാഹചര്യം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത വിഷയം, ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ച് ആയതിനൊരു പരിഹാരം കാണുകയോ നിയമ വിദഗ്ധരുമായി കൂടിയാലോചിച്ച് നിയമപരമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

14. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് മന:പ്പൂർവമായോ അല്ലാതെയോ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് വിശദമായ പരിശോധന നടത്തി ജി.എസ്.ടി. കൗൺസിലിൽ പരാതി കൊടുക്കുമ്പോൾ സംസ്ഥാനത്തിന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിലുള്ള ചില ഉദാഹരണങ്ങൾ

കൂടി ചൂണ്ടിക്കാണിച്ച് ബോധ്യപ്പെടുത്തിയാൽ മാത്രമേ ഫയൽ നടപടികളിൽ കാലതാമസമുണ്ടാകാതിരിക്കുകയുള്ളൂവെന്നും ജി.എസ്.ടി. കൗൺസിലിൽ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ ഒരു വിദഗ്ദ്ധ സമിതിയുമായി ചർച്ച ചെയ്ത് നിയമനടപടികളിലേയ്ക്ക് നീങ്ങേണ്ടതായി വരുമെന്നും സമിതി നിരീക്ഷിക്കുന്നു.

15. അടുത്തകാലത്ത് ആക്രിക്കടകളിൽ റെയ്ഡ് നടത്തിയപ്പോൾ കോടികളുടെ വെട്ടിപ്പാണ് വകുപ്പിന് കണ്ടെത്താൻ സാധിച്ചതെന്ന് സമിതി മനസ്സിലാക്കുന്നു . നിയമത്തിലെ പഴുതുപയോഗിച്ച് സംസ്ഥാന വ്യാപകമായി വലിയതോതിൽ വെട്ടിപ്പ് നടത്തുന്ന സാഹചര്യം ഉള്ളപക്ഷം ആയത് വളരെ ഗൗരവമായി കാണണമെന്നും ഇതുപോലെ ഓരോ മേഖലയിലും കൃത്യമായ പരിശോധന നടത്തിയാൽ നിരവധി നികുതി നഷ്ടം കണ്ടെത്താൻ സാധിക്കുമെന്നും ഇതുപോലുള്ള പരിശോധന സംസ്ഥാനത്തിന്റെ വരുമാനത്തിന് ഒരു മുതൽക്കൂട്ടായതിനാൽ , ഭാവിയിൽ, **സെക്ടർ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എല്ലായിടത്തും ഒരേ ദിവസം തന്നെ പരിശോധന നടത്തി ആയതിന്റെ വിശദാംശങ്ങൾ സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

16. ആഡംബര നികുതി, നിലവിൽ ജി.എസ്.ടി. നിരക്കുകളിൽ ക്രമപ്പെടുത്തിയിട്ടുണ്ടെന്നും ആഡംബര നികുതിയിനത്തിൽ മുൻപ് ലഭ്യമായിരുന്ന തുകയ്ക്ക് സമാനമായ തുക പിരിച്ചെടുക്കാനുള്ള സംവിധാനം ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഏറ്റവും ഉയർന്ന ജി.എസ്.ടി. നിരക്ക് 28%-മായി നിജപ്പെടുത്തിയിട്ടുണ്ടെന്നും മുൻകാലത്ത് ആഡംബര നികുതി ഈടാക്കിയിരുന്ന ഇനങ്ങൾക്കെല്ലാം നിലവിൽ 28% ജി.എസ്.ടി. ഈടാക്കുന്നുണ്ടെന്നും മുൻകാലങ്ങളിലെ ആഡംബര നികുതി പൂർണ്ണമായും സംസ്ഥാനത്തിന് ലഭിക്കുമായിരുന്നത് ജി.എസ്.ടി. നിലവിൽ വന്നതോടെ അതിൽ ഒരു വിഹിതം മാത്രമേ സംസ്ഥാനത്തിന് ലഭിക്കുകയുള്ളൂവെന്നും മുൻ കാലങ്ങളിൽ കേന്ദ്രസർക്കാർ സർവ്വീസ് ടാക്സ് പിരിച്ചിരുന്നുവെന്നും നിലവിൽ സർവ്വീസ് ടാക്സിനുപകരം അതിനനുസൃതമായ രീതിയിലാണ് ജി.എസ്.ടി. വിഭാവനം ചെയ്തിരിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

17. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട സ്റ്റേറ്റ് സംബന്ധമായ വിഷയങ്ങളിൽ ഹിയറിംഗ് നടത്തുന്നതും വിധി കൽപ്പിക്കുന്നതും സെൻട്രൽ ആക്റ്റിന് കീഴിലുള്ള സ്റ്റേറ്റ് ട്രൈബ്യൂണലിലാണ്. നിലവിൽ ട്രൈബ്യൂണൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ട്രൈബ്യൂണൽ നിലവിൽ വരുന്നതുവരെ ഹോൾഡ് ചെയ്ത് ഫയൽ ചെയ്യണമെന്നാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും സാധാരണഗതിയിൽ അപ്പീൽ ഫയൽ ചെയ്യാനുള്ള

സമയപരിധി മൂന്നുമാസമാണെന്നിരിക്കെ ട്രൈബ്യൂണൽ നിലവിൽ വന്നതിനുശേഷമുള്ള മൂന്നുമാസക്കാലമാണ് സമയപരിധിയായി കണക്കാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, **സ്റ്റേറ്റ് ട്രൈബ്യൂണൽ യഥാർത്ഥ്യമാക്കാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18. നികുതി വരുമാനത്തിൽ വർദ്ധനവുണ്ടാകുമെന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ടാണ് സംസ്ഥാനങ്ങൾ ജി.എസ്.ടി. സമ്പ്രദായം അംഗീകരിച്ച് നടപ്പിലാക്കിയതെന്നും എന്നാൽ നികുതി വരുമാനത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ലെന്നും നിയമത്തിലെ പഴുതുകൾ യഥാവിധി മനസ്സിലാക്കി മുന്നോട്ടുപോകണമെന്നുള്ളതിനാൽ നഷ്ടം സംബന്ധിച്ച് വ്യക്തമായ കണക്കുകൂട്ടൽ ഉണ്ടാകണമെന്നും നികുതി വരുമാനത്തിൽ കുറവുണ്ടായാൽ നഷ്ടപരിഹാരം ആവശ്യപ്പെടേണ്ടതാണെന്നും സാധാരണ രീതിയിൽ നികുതി പിരിച്ചെടുക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനം എത്രയായിരിക്കുമെന്ന് അവലോകനം നടത്തണമെന്നും ജി.എസ്.ടി. ഏർപ്പെടുത്തിയ ശേഷം ചില മേഖലകളിൽ നിന്ന് ലഭിക്കുന്ന നികുതി വരുമാനത്തിൽ കുറവും മറ്റു ചില വ്യാപാര മേഖലകളിൽ നിന്ന് ലഭിക്കേണ്ടിയിരുന്നത് പലതരത്തിൽ നഷ്ടമാവുകയും ചെയ്തിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യങ്ങളിലെല്ലാം വ്യക്തമായ ധാരണ ആവശ്യമായതിനാൽ, **2017-നു ശേഷം ജി.എസ്.ടി.-യിൽ നിന്നുള്ള വരുമാനവും അതിന് മുമ്പുള്ള വരുമാനവും ജി .എസ്.ടി. അല്ലായിരുന്നുവെങ്കിൽ നിലവിൽ പ്രതീക്ഷിക്കാവുന്ന വരുമാനവും തമ്മിലുള്ള താരതമ്യപഠനവും കൃത്യമായ അവലോകനവും നടത്തി ഇതു സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

19. ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് സേവനങ്ങൾക്ക് നികുതി ചുമത്തിയിരുന്നില്ല . എന്നാൽ ജി.എസ്.ടി. നിലവിൽ വന്നപ്പോൾ സേവനങ്ങൾക്ക് നികുതി ഏർപ്പെടുത്തിയത് മൂലം വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യനീതി തുടങ്ങിയ ചില മേഖലകളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും ഇത്തരം മേഖലകളെ ജി.എസ്.ടി.-യിൽ നിന്ന് ഒഴിവാക്കണമെന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്ത സാഹചര്യത്തിൽ , നിയോജകമണ്ഡലത്തിന്റെ വികസനത്തിനായി സർക്കാർ ഒരു എം .എൽ.എ./എം.പി.-ക്ക് നൽകുന്ന ഫണ്ടുമായി ബന്ധപ്പെട്ടും ഇതേ വിഷയം നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കി. ഉദാഹരണമായി അങ്കണവാടിയുടെ കെട്ടിടനിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ അനുവദിക്കുകയാണെങ്കിൽ ജി.എസ്.ടി.-ക്കു മുൻപ് മുഴുവൻ തുകയും നിർമ്മാണപ്രവർത്തനത്തിന്

ഉപയോഗിക്കാമായിരുന്നു. എന്നാൽ ഇപ്പോൾ 30 ലക്ഷം രൂപയ്ക്ക് 18% ജി.എസ്.ടി. കഴിഞ്ഞുള്ള തുകയ്ക്കു മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നുള്ളൂവെന്നും എം.എൽ.എ./എം.പി. ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് ടെണ്ടർ സമർപ്പിക്കുമ്പോൾ നികുതി ഉൾപ്പെടെ കണക്കുകൂട്ടിയുള്ള ടെണ്ടറാണ് സമർപ്പിക്കുക്കുന്നതെന്നും അതിനുശേഷം ഫണ്ടിന് അഡീഷണൽ ജി .എസ്.ടി. നൽകേണ്ടിവരുന്നത് ധാർമ്മികമല്ലായെന്നും സമിതി അഭിപ്രായപ്പെടുന്നു.

20. ധനകാര്യ വകുപ്പിൽ നിന്നുള്ള ഉത്തരവുകൾ പ്രകാരം എം .എൽ.എ. ഫണ്ട് വിനിയോഗമെന്നത് ഇൻഡയറക്ട് ടാക്സ് വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. അതുകൊണ്ടുതന്നെ ഒരു വാണിജ്യ സ്ഥാപനത്തിൽ നിന്ന് സാധനം വാങ്ങുന്നതിന് സമാനമായ രീതിയാണ് ഫണ്ട് വിനിയോഗത്തിന്മേൽ ഉള്ളത്. സാധനം വാങ്ങുമ്പോൾ വിലയോടൊപ്പം ജി.എസ്.ടി. നിരക്കും ചേർത്ത തുകയാണ് നൽകുന്നത്. അതുപോലെ ഇവിടെ സേവനദാതാവ് കോൺട്രാക്ടറും സേവനം വാങ്ങുന്നത് സർക്കാർ വകുപ്പുകൾ /മറ്റ് പ്രസ്ഥാനങ്ങളുമാണ്. നിലവിലെ ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം കൺസ്ട്രക്ഷൻ ഓഫ് അങ്കണവാടി, പബ്ലിക് വർക്കിലുൾപ്പെടുന്നതാണ്. ആരോഗ്യ മേഖലയിൽ ആശുപത്രിയിൽ ഒരു സ്കാനിംഗ് മെഷീൻ വാങ്ങുമ്പോൾ അതിന് ജി.എസ്.ടി. ഉണ്ട്. പക്ഷേ, ആ സ്കാനിംഗ് മെഷീൻ ഓപ്പറേറ്റ് ചെയ്ത് ഇൻവെസ്റ്റിഗേഷൻ ചെയ്യുമ്പോൾ അതിന് ജി.എസ്.ടി. ഈടാക്കുന്നില്ല. ട്രീറ്റ്മെന്റ് ഇൻവെസ്റ്റിഗേഷൻ, ഓപ്പറേഷൻ ഇങ്ങനെയുള്ള കാര്യങ്ങളിൽ ജി.എസ്.ടി. ഒഴിവാക്കിയിട്ടുണ്ട്.

21. ഏതെങ്കിലുമൊരു വിഭാഗത്തെ സംസ്ഥാനത്തിന് ജി .എസ്.ടി.-യിൽ നിന്ന് ഒഴിവാക്കണമെന്നുണ്ടെങ്കിൽ ജി .എസ്.ടി.-യായി അടയ്ക്കുന്ന തുക സംസ്ഥാനത്തിനു തന്നെ റീഫണ്ട് ചെയ്യാവുന്നതാണ് എന്നൊരു തീരുമാനം നിലവിൽ ജി .എസ്.ടി. കൗൺസിൽ എടുത്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. സംസ്ഥാന വിഹിതം മാത്രമേ റീഫണ്ട് ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നതിനാൽ സംസ്ഥാനങ്ങൾ റീഫണ്ട് ചെയ്യാൻ തയ്യാറാകില്ലെന്നും കേന്ദ്രസർക്കാർ മൊത്തത്തിൽ റീഫണ്ട് ചെയ്യുകയോ നികുതി ഒഴിവാക്കുകയോ ചെയ്യേണ്ടതാണെന്നും അതുമാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂവെന്നും സമിതി വിലയിരുത്തുന്നു. **സംസ്ഥാനത്തിന്റെ ജി .എസ്.ടി. വരുമാനത്തിൽ ചെറിയ തോതിൽ കുറവുണ്ടാകുമെങ്കിലും ജനക്ഷേമത്തിന് പ്രഥമ പരിഗണന നൽകണമെന്നതിനാൽ**

എം.എൽ.എ./എം.പി. ഫണ്ടുപയോഗിച്ചുള്ള നിർമ്മാണങ്ങൾക്ക് പൂർണ്ണമായും ജി .എസ്.ടി. ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

22. സംസ്ഥാനത്ത് നികുതി കുടിശ്ശിക പിരിച്ചെടുക്കാനായി വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് സമിതി വിശകലനം നടത്തിയിരുന്നു. വളരെ ഉദാരമായ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന "ആംനെസ്റ്റി പദ്ധതി 2024" പ്രഖ്യാപിച്ചിട്ടുണ്ടെന്നും അടുത്ത ജി.എസ്.ടി. കൗൺസിലോടുകൂടി ആയതു നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടെന്നും എല്ലാവർക്കും പദ്ധതിയിൽ ചേരാനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നതെന്നും വൺ ടൈം സെറ്റിൽമെന്റ് എന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും വളരെ പഴക്കം ചെന്നതും തിരികെ ലഭ്യമാക്കാൻ സാധ്യമല്ലെന്നും ജില്ലാ കളക്ടർ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമായ 50,000/-രൂപയിൽ താഴെയുള്ള കുടിശ്ശികത്തുക പൂർണ്ണമായും ഈ പദ്ധതി പ്രകാരം ഒഴിവാക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശികത്തുകയുടെ 40% അടച്ചാൽ പിഴയും പലിശയും ഒഴിവാക്കാമെന്നും 10 ലക്ഷം രൂപ വരെയുള്ള കുടിശ്ശികത്തുകയുടെ 30% അടച്ചാൽ പിഴയും പലിശയും ഒഴിവാക്കാമെന്നും അതിൽത്തന്നെ കോടതിയിൽ നിലനിൽക്കുന്ന കേസ്സുകൾക്ക് 20% തുക നേരത്തെത്തന്നെ കെട്ടിവെച്ചിട്ടുണ്ടെന്നും അധികമായി 10% കൂടി കെട്ടിവെച്ചാൽ പൂർണ്ണമായും നികുതി ബാധ്യതയിൽ നിന്ന് ഒഴിവാകുന്നതാണെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടു.

23. സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ -വേ ബിൽ സംവിധാനം ഏർപ്പെടുത്താത്തത് കാരണം സംസ്ഥാനത്തു നിന്ന് സ്വർണ്ണത്തിന്റെ നികുതിയിനത്തിൽ, വലിയ തോതിലുണ്ടാകുന്ന ചോർച്ച ഉണ്ടാകുന്നുവെന്നും ആയത് കർണ്ണാടക പോലുള്ള സംസ്ഥാനങ്ങൾക്ക് മുതൽക്കൂട്ടാകുന്നുണ്ടെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, **സ്വർണ്ണത്തിനും മറ്റ് വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ -വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24. സംയോജിത ചരക്ക് സേവന നികുതി നിയമം, 2017 പ്രകാരം ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി. (Integrated Goods and Services Tax). ഐ.ജി.എസ്.ടി. B 2 B (Business to Business) ഇടപാടുകളിൽ, നികുതിദായകൻ ഫയൽ ചെയ്യുന്ന ജി .എസ്.ടി. നിയമപ്രകാരമുള്ള

റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിനു തുല്യമായ തുക കേന്ദ്ര ഗവൺമെന്റ്, സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരമാണിത്. ഓരോ സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്തു അവയുടെ മുൻപ് അടച്ച നികുതിയുടെ ക്രെഡിറ്റ് എടുത്ത് എസ്.ജി.എസ്.ടി. (State Goods and Services Tax) അടയ്ക്കുകയും ചെയ്യുമ്പോൾ സപ്ലൈയറുടെ പക്കൽ നിന്നും ഐ.ജി.എസ്.ടി. അടച്ച തുക , ഉപഭോക്തൃ സംസ്ഥാനത്തേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു. ചരക്കുകളുടെയും സേവനങ്ങളുടെയും B 2 C (Business to Customer) ഇടപാടുകളിൽ "Place of Supply", വിൽക്കുന്ന വ്യക്തി കൃത്യമായി രേഖപ്പെടുത്തേണ്ടതുണ്ട്. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. ഈ രീതിയിൽ ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് ലഭിക്കാൻ, റിട്ടേൺ ഫയലിംഗ് കൃത്യമായി നടക്കേണ്ടതുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

25. കേരളത്തിലേയ്ക്ക് ബിസിനസ് നടന്നാലും അതിന്റെ പ്രയോജനം നൂറ് ശതമാനവും കേരളത്തിന് ലഭ്യമാകുന്നില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. സംസ്ഥാനത്തെ വലിയ സ്ഥാപനങ്ങൾ ഭീമമായ തുകയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങുമ്പോൾ സ്ഥാപനങ്ങൾക്ക് നികുതി ബാധ്യതയില്ലാത്തതിനാൽ റിട്ടേണുകളൊന്നും സമർപ്പിക്കുന്നില്ല . അതിനാൽ ഇത്തരം സ്ഥാപനങ്ങളെ ബോധവൽക്കരിച്ച് നികുതി ഒടുക്കാൻ ബാധ്യതയില്ലെന്ന് എഴുതി നൽകി, റിട്ടേൺ ഫയൽ ചെയ്യുണമെന്ന് ബോധ്യപ്പെടുത്തേണ്ടതുണ്ട് . ഇതിന്റെ അടിസ്ഥാനത്തിൽ, കഴിഞ്ഞ വർഷം ജി.എസ്.ടി. ഇന്റലിജൻസ് വകുപ്പുൾപ്പെടെ നടത്തിയ പരിശോധനയിൽ ഈയിനത്തിൽ 2,000 കോടി രൂപയോളം സംസ്ഥാനത്തിന് തിരിച്ചുപിടിക്കാൻ സാധിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, **പ്രസ്തുത പരിശോധന വളരെ കർശനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു .**

26. സാധനങ്ങൾ വാങ്ങി റിട്ടേൺ ഫയൽ ചെയ്താൽ പോലും സംസ്ഥാനത്തിന് വരുമാനം ലഭ്യമാക്കാനുള്ള സംവിധാനം ജി.എസ്.ടി. കൗൺസിൽ നടപ്പിലാക്കിയത് 2022 ഒക്ടോബറിലാണ്. അതിനുമുമ്പ് റിട്ടേണുകൾ ഫയൽ ചെയ്താൽ പോലും ഈ തുക

സംസ്ഥാനത്തിന് ലഭിക്കില്ലായിരുന്നു. Reversal Settlement ജി.എസ്.ടി.-യിൽ 2017 മുതൽ 2022 വരെ ഉണ്ടായിരുന്നില്ല. കേരളത്തിൽ ആദ്യമായി ഇതു സംബന്ധിച്ച് ഒരു ബോധവൽക്കരണ പരിപാടി നടത്തിയതും സർക്കുലർ പുറപ്പെടുവിച്ചതും ആയത് മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കിയതും ശ്ലാഘനീയമാണ്. പ്രസ്തുത പദ്ധതി വളരെ ശക്തമാക്കി നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകേണ്ടതാണെന്നും ഉദ്യോഗസ്ഥരുടെ നിസ്വാർത്ഥമായ സഹകരണത്തോടെ പണം നഷ്ടപ്പെടുന്ന പഴുതുകൾ കണ്ടെത്തി ആയത് പരിഹരിക്കുവാൻ ശ്രമിക്കുകയാണ് വേണ്ടതെന്നും സമിതി വിലയിരുത്തുന്നു.

തിരുവനന്തപുരം,
2025 ഒക്ടോബർ 7

കെ. കെ. ശൈലജ ടീച്ചർ,
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.